**<u>നഗരാസൂത്രകന്റെ കാര്യാലയം, ഇടുക്കി</u>**

**<u>നഗരാസൂത്രകന്റെ നടപടിക്രമം</u>**

**<u>(ഹാജർ:ജിമ്മിച്ചൻ മാത്യു, നഗരാസൂത്രകൻ)</u>**

വിഷയം: ആലക്കോട് ഗ്രാമപഞ്ചായത്ത് - Stone Aggregate and M-Sand Crusher Unit നിർമ്മാണം - സ്ഥല വിനിയോഗത്തിനും കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: (1) ശ്രീ ഷിജു തോമസ്, മാനേജിംഗ് ഡയറക്ടർ, പള്ളിവാതുക്കൽ ഗ്രാനൈറ്റ്സ് ആൻറ് എസ്റ്റേറ്റ്(പി) ലിമിറ്റഡ്, ചിലവ് പി.ഓ, ആലക്കോട്, കരിമണ്ണൂർ, തൊടുപുഴ എന്നയാളിന്റെ 23/10/2020 ലെ അപേക്ഷ

(2) ഇടുക്കി നഗരാസൂത്രകന്റെ 12/12/2019-ലെ TCPIDK/713/2019 -D1 നമ്പർ ഉത്തരവ്.

**<u>ഉത്തരവ് നമ്പർ TCPIDK/713/2019-D1 11/11/2020</u>**

ആലക്കോട് ഗ്രാമപഞ്ചാത്തിൽ കരിമണ്ണൂർ വില്ലേജ് റീസർവ്വേ നമ്പർ 24/2, 24/2-1, 24/2-2, 24/2-3, 23/1-1-1-1, 23/1-3, 22/3-5, 22/3-1-1 എന്നിവയിൽ ഉൾപ്പെടുന്നതും ശ്രീ ഷിജു തോമസ്, മാനേജിംഗ് ഡയറക്ടർ, പള്ളിവാതുക്കൽ ഗ്രാനൈറ്റ്സ് ആൻറ് എസ്റ്റേറ്റ് (പി) ലിമിറ്റഡ്, ചിലവ് പി.ഓ, ആലക്കോട്, കരിമണ്ണൂർ, തൊടുപുഴ എന്നയാളുടെ ഉടമസ്ഥതയിൽ ഉള്ള 2.6197 ഹെക്ടർ വസ്തുവിൽ crusher unit നിർമ്മാണത്തിന് പരാമർശം(2) പ്രകാരം സ്ഥല വിനിയോഗത്തിനും കെട്ടിടങ്ങളുടെ ലേ -ഔട്ടിനും അംഗീകാരം നൽകി ഉത്തരവായിട്ടുള്ളതാകുന്നു. ടിവസ്തുവിൽ ഇപ്പോൾ 52.05 ച.മീ. തറവിസ്തീർണ്ണം ഉള്ള ഓഫീസ് കെട്ടിടം നിലവിലുണ്ട്. ടി പ്ലാനിൽ മാറ്റം വരുത്തി ടി സ്ഥല ഉടമ സമർപ്പിച്ച മേൽ സൂചന(1) പ്രകാരമുള്ള അപേക്ഷ പരിഗണിച്ച്, 1030.71 ച.മീ. Built up area (Floor Area-966 ച.മീ) ഉള്ള ഗ്രൂപ്പ് ഐ (ഹാനികരം) വിഭാഗത്തിൽപ്പെടുന്ന Stone Aggregate and M-Sand Crusher Unit നിർമ്മാണത്തിന് KPBR-2019 ചട്ടം5(6) അനുസരിച്ചുള്ള വിലയിരുത്തൽ നടത്തി ഇതോടൊപ്പമുള്ള പ്ലാനുകൾ പ്രകാരം ചുവടെ ചേർത്തിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി KPBR-2019 ചട്ടം 30 പ്രകാരം സ്ഥല വിനിയോഗത്തിനും കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. കെ.പി.ബി.ആർ. 2019 പ്രകാരം വസ്തുവിന്റെ ഉടമസ്ഥത, അതിർത്തി, അളവുകൾ, വിസ്തീർണ്ണം, വഴിയുടെ വീതി , വസ്തുവിന്റെ ഇനം , തരം എന്നിവ സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
2. നിർദ്ദിഷ്ട നിർമ്മാണവും ഓഫീസ് കെട്ടിടവും തമ്മിലുള്ള അകലം പ്ലാ 3 നിൽ രേഖപ്പെടുത്തേണ്ടതാണ്
3. നിർദ്ദിഷ്ട ഉപയോഗത്തിന് കെ.പി.ബി.ആർ 2019 അനുസരിച്ചുള്ള സാനിറ്റേഷൻ സൌകര്യങ്ങൾ പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്നത് പോലെ ഓഫീസ് കെട്ടിടത്തിൽ ലഭ്യമാണ് എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
4. പ്രസ്തുത ഭൂമി നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലോ പരിസ്ഥിതി ദുർബല പ്രദേശത്തോ ഉൾപ്പെട്ടു വരുന്നതല്ലയെന്നും സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

5. മണ്ണ് കട്ടിങ്ങോ, ഫില്ലിങ്ങോ ആവശ്യമായി വന്നാൽ ബന്ധപ്പെട്ട അധികാരികളിൽ നിന്ന് ആവശ്യമായ അനുമതി സെക്രട്ടറി ലഭ്യമാക്കിയിരിക്കണം
6. നിർമ്മാണം മൂലമുണ്ടാകുന്ന ഖര/ദ്രവ മാലിന്യങ്ങൾ പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധത്തിൽ വസ്തു ഉടമസ്ഥൻ സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും സംസ്കരിക്കേണ്ടതാണ്.
7. കെ.പി.ബി.ആർ.2019 ചട്ടം 79(7) പ്രകാരമുള്ള വേസ്റ്റ് വാട്ടർ റീ സൈക്ലിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
8. പ്രസ്തുത നിർമ്മാണം കെ.പി.ബി.ആർ.2019-നും അനുബന്ധ ഭേദഗതികൾക്കും വിധേയമായിരിക്കണം നിർവ്വഹിക്കേണ്ടത്.

മേൽ പരാമർശിച്ചവ അനുസരിച്ച് പ്ലാനിൽ വരുത്തേണ്ടതായ മാറ്റം വരുത്തി നിർമ്മാണ അനുമതിക്കായി പരിഗണിക്കേണ്ടതാണ്.

ഈ ഉത്തരവ് പ്രകാരം പരാമർശിത നിർമ്മാണത്തിന് പഞ്ചായത്ത് നിർമ്മാണ അനുമതി നൽകുന്ന പക്ഷം പരാമർശം(2) ഉത്തരവ് റദ്ദാക്കപ്പെട്ടതായി കണക്കാക്കേണ്ടതാണ്.

Signature Not Verified
Digitally signed by Jimmichen Mathew
Date: 2020.11.11 17:36:00 IST
Reason: Approved

**JIMMICHEN MATHEW, TP TPIDK, O/o TP TPIDK**

ഉള്ളടക്കം : അംഗീകാരം രേഖപ്പെടുത്തിയ പ്ലാൻ